**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - അച്ചടക്ക നടപടി - കായംകുളം നഗരസഭ - വിജിലൻസ്& ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന - ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പ്രദീപ് കുമാറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.2794/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 1/11/2018**

പരാമർശം : 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 6.04.2016 തീയതിയിലെE4(SC5/2016/ALP)7837/16 നമ്പർ കത്ത്.

2) സർക്കാരിന്റെ 8/09/2017 തീയതിയിലെ ഇയു1/246/2017 തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.

3) കുറ്റപത്രത്തിന് ശ്രീ.പ്രദീപ്കുമാർ.ആർ ലഭ്യമാക്കിയ 21/12/2017 തിയതിയിലെ പ്രതിവാദ പത്രിക

4) നഗരകാര്യ ഡയറക്ടറുടെ വി1-36310/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് ആൻറ് ആന്റികറപ്ഷൻ ബ്യൂറോ 16.01.2016 തീയതിയിൽ കായംകുളം മുനിസിപ്പാലിറ്റിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള 19 അപേക്ഷകളും കെട്ടിട നികുതി പുനർ നിശ്ചയിക്കുന്നതിനുള്ള 10 പരാതികളും പെർമിറ്റ് നൽകുന്നതിനായുള്ള 166 അപേക്ഷകളും ഒക്യുപെൻസി സർട്ടിഫിക്കറ്റിനുള്ള 4 അപേക്ഷകളും റഗുലറൈസേഷനായുള്ള 2 അപേക്ഷകളും സമയപരിധി കഴിഞ്ഞിട്ടും നടപടി സ്വീകരിക്കാതെ നിലനിൽക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ പരാമർശം (1) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ ക്രമക്കേടുകൾ നഗരസഭാ സെക്രട്ടറിയുടെ മേൽനോട്ട കുറവായി പരിഗണിച്ച് 14.01.2016 വരെ കായംകുളം മുനിസിപ്പാലിറ്റി സെക്രട്ടറിയായിരുന്ന ശ്രീ.ആർ.പ്രദീപ്കുമാറിന് കുറ്റാരോപണ പത്രിക നൽകിയിരുന്നു.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 50(4) പ്രകാരം സെക്രട്ടറിയ്ക്ക് രേഖാമൂലമുള്ള ഉത്തരവ് വഴി സെക്രട്ടറിയുടെ ചുമതലകൾ മറ്റ് ഉദ്യോഗസ്ഥരെ ഏൽപിക്കാവുന്നതാണെന്നും 750 ച.മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള അധികാരം നഗരസഭാ എഞ്ചിനിയർക്കാണെന്നും തീർപ്പാക്കിയ ഫയലുകൾ കൃത്യസമയത്ത് ഓൺലൈൻ ഡേറ്റാ എൻട്രി ചെയ്യാതെ വരികയോ കക്ഷികൾക്ക് നോട്ടീസ് അയച്ച് തുടർനടപടി സ്വീകരിച്ച് വരുന്ന ഫയലുകളോ, സങ്കേതം സോഫ്റ്റ്-വെയറിൽ പെന്റിംഗ് ആയി കാണാൻ സാദ്ധ്യതയുള്ളതാണെന്നും മുനിസിപ്പൽ സെക്രട്ടറി എന്ന നിലയ്ക്ക് തനിയ്ക്ക് ആദ്യമായി നിയമിക്കപ്പെട്ട മുനിസിപ്പാലിറ്റി എന്ന നിലയിലും മുനിസിപ്പൽ സെക്രട്ടറിയായുള്ള കുറഞ്ഞ സർവ്വീസ് പരിഗണിച്ചും മേൽനോട്ടക്കുറവുണ്ടായത് മാപ്പാക്കണമെന്നും അഭ്യർത്ഥിച്ച് ശ്രീ. ആർ. പ്രദീപ്കുമാർ പ്രദിവാദപത്രിക നൽകിയിരുന്നു.

പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തിയതിൽ റവന്യൂ വിഭാഗവുമായി ബന്ധപ്പെട്ട ഫയലുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പ്രദീപ്കുമാർ മനപ്പൂർവ്വമായ വീഴ്ച വരുത്തിയതായി കാണുന്നില്ലെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ 7.7.2014 മുതൽ ശ്രീ.പ്രദീപ്കുമാർ പ്രസ്തുത തസ്തികയിൽ നിയമിതനായശേഷം കേരളാമുനിസിപ്പൽ ആക്ടിലെ ചട്ടം 50(2) പ്രകാരം അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്ത് നൽകുന്നതിന് സർക്കാരിന്റെയോ മുനിസിപ്പാലിറ്റിയുടെയോ ഏതെങ്കിലും നിർദ്ദേശത്തിന്റെയോ നിയന്ത്രണത്തിന്റെയോ അടിസ്ഥാനത്തിലായിരിക്കണം എന്ന് വ്യവസ്ഥയുണ്ടെങ്കിലും അപ്രകാരമുള്ള അനുമതി വാങ്ങിയതായി കാണുന്നില്ല.

സർക്കാർ ഇക്കാര്യം കുറ്റാരോപണ പത്രികയ്ക്ക് ആരോപണ വിധേയ നൽകിയ പ്രതിവാദപത്രിക. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് , വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ.പ്രദീപ്കുമാർ.ആർ, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 50(2) പ്രകാരം ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകിയിരുന്നാലും നഗരസഭയിലെ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഡെലിഗേറ്റ് ചെയ്ത വിഷയങ്ങളിന്മേൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും മേൽനോട്ടം വഹിക്കേണ്ടതുമാണ്. . ഇതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ സാഹചര്യത്തിൽ ശ്രീ.പ്രദീപ്കുമാർ.ആർ. എന്ന ജീവനക്കാരനെതിരെ ആരംഭിച്ച അച്ചടക്ക നടപടി. KCS(CC& A) Rules 1960 Rule 11(1)(iii) പ്രകാരം ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞു കൊണ്ട് അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. നഗരകാര്യ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ. തിരുവനന്തപുരം
ഡയറക്ടർ. കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.പ്രദീപ്കുമാർ.ആർ , മുൻ സെക്രട്ടറി, കായംകുളം മുനിസിപ്പാലിറ്റി (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കായംകുളം മുനിസിപ്പാലിറ്റി.
വിജിലൻസ് (ഡി) വകുപ്പ് (vide Note No. Vig-D1/873/2018-Vig. Dated 18/08/2018)
ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം
കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**